**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 93 — 05.03.2012 ൽ മറുപടിക്ക്

## സ്ത്രീപീഡനക്കേസ്സുകൾ

| ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | 2011 വർഷത്തിൽ സംസ്ഥാനത്ത് സ്ത്രീപീഡനക്കേസ്സുകൾ എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | 1132 ബലാൽസംഗ കേസുകളും 3756 മാനഭംഗകേസുകളും 573 പൂവാലശല്യ കേസുകളും 15 സ്ത്രീധന മരണകേസുകളും 5377 ഭർതൃപീഡനകേസുകളും 221 തട്ടിക്കൊണ്ടുപോകൽ കേസുകളും ഉൾപ്പെടെ ആകെ 11074 കേസുകൾ രജിസ്ററർ ചെയ്തിട്ടുണ്ട്. |
| ബി) | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ഇവ കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ? | (ബി) | വനിതാഹെൽപ് ലൈനുകളും വനിതാ ജാഗ്രതാ സമിതികളും രൂപീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും അവബോധക്ലാസുകൾ സംഘടിപ്പിക്കുകയും നിയമസഹായം നൽകുകയും ചെയ്യുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ മഫ്ടിയിലുള്ള ഉദ്യോഗസ്ഥരുൾപ്പെടെ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. തീവണ്ടികളിൽ സ്ത്രീ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ റെയിൽവേ പോലീസിൽ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക കാൾ സെന്ററും സ്വിഫ്റ്റ് റെസ്പോൺസ് ഫോഴ്സും രൂപവൽക്കരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ